# 15th കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം
## കുട്ടികളുടെ പുസ്തകോത്സവം - 2011

കലൂർ ടവേഴ്സ്, കലൂർ, കൊച്ചി - 682 017, ഫോൺ: 0484-4047588
Mob: 9809817025, Email: bookfestkochi@ymail.com

15.09.2011

To,

...........................................................................

...........................................................................

...........................................................................

ബഹുമാനപ്പെട്ട സർ/മാഡം,

പതിനഞ്ചാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം ഡിസംബർ 2 മുതൽ 11 വരെ എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടത്തുന്ന വിവരം സസന്തോഷം അറിയിക്കട്ടെ. ഈ വർഷവും പുസ്തകോത്സവത്തിന് മുന്നോടിയായി സ്കൂളുകളിൽ വിദ്യാർഥികളുടെയും സ്കൂൾ അധികൃതരുടെയും സഹകരണത്തോടെ **കുട്ടികളുടെ പുസ്തകോത്സവം** സെപ്തംബർ-ഒക്ടോബർ മാസങ്ങളിലായി നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

ലൈബ്രറികളിലും, വിദ്യാർഥികളുടെ കൈവശത്തിലുമുള്ള പുസ്തകങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് അതാത് സ്കൂളിൽ സ്കൂളധികൃതർ തന്നെയാണ് പ്രദർശനം നടത്തേണ്ടത്. രാവിലെയോ ഉച്ചയ്ക്കോ രണ്ടോ മൂന്നോ മണിക്കൂർ പ്രദർശനം നടത്താവുന്നതാണ്. പ്രദർശനം വിലയിരുത്താൻ പുസ്തകോത്സവസമിതി നിശ്ചയിക്കുന്ന ടീം സ്കൂൾ സന്ദർശിക്കും. താങ്കളുടെ സ്കൂളും മുൻവർഷത്തെപ്പോലെ ഈ വർഷവും പ്രദർശനത്തിൽ പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നു. ശ്രീമതി. കെ. ചന്ദ്ര (റിട്ട. ഡി.ഇ.ഒ) ചെയർപേഴ്സണും ശ്രീ. കൃഷ്ണമൂർത്തി കൺവീനറുമായ കുട്ടികളുടെ പുസ്തകോത്സവസമിതിയുമായി കൂടിയാലോചിച്ച് തിയതിയും സമയവും സ്കൂൾ അധികൃതർക്ക് നിശ്ചയിക്കാവുന്നതാണ്.

പുസ്തകപ്രദർശനത്തിൽ ഏറ്റവും നല്ല പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളിന് ഒന്നാം സമ്മാനമായി 5000 രൂപയുടെയും രണ്ടാം സമ്മാനമായി 3000 രൂപയുടെയും മൂന്നാം സമ്മാനമായി 1000 രൂപയുടെയും മുഖവിലയുള്ള പുസ്തകവും, ട്രോഫിയും, സർട്ടിഫിക്കറ്റും, ഓരോ സ്കൂളിലെയും ഏറ്റവും മികച്ച രീതിയിൽ പുസ്തകം പ്രദർശിപ്പിക്കുന്ന വിദ്യാർഥിക്ക് 500 രൂപ വിലയുള്ള പുസ്തകങ്ങളും, സർട്ടിഫിക്കറ്റും കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവവേദിയിൽവച്ച് നൽകും.

വിശ്വസ്തതയോടെ,

കൃഷ്ണമൂർത്തി
കൺവീനർ
കുട്ടികളുടെ പുസ്തകോത്സവം

അഡ്വ. എം. ശശിശങ്കർ
ജനറൽ സെക്രട്ടറി
അന്താരാഷ്ട്ര പുസ്തകോത്സവം